പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4156 — 27.6.2012 ലെ മറുപടിക്ക്

## ഉദുമ നിയോജക മണ്ഡലത്തിലെ വിജ്ഞാൻവാടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികളിൽ 'വിജ്ഞാൻവാടി' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്;<br>വിജ്ഞാൻവാടി പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിൽ കമ്മ്യൂണിറ്റി ഹാൾ/സംസ്കാരിക നിലയം ഉള്ളതും വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതുമായ 70 പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി)എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പട്ടികജാതി കോളനികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി എന്തു തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ; | ബി) | കാസർഗോഡ് ജില്ലയിൽ താഴെ പറയുന്ന പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടി സ്ഥാപിച്ചിട്ടുണ്ട്.<br>i) <u>മഞ്ചേശ്വരം നിയോജക മണ്ഡലം</u><br>കുമ്പള ഗ്രാമ പഞ്ചായത്തിലെ കിറ്റൂർ- കണ്ടങ്ങാരടുക്ക പട്ടികജാതി കോളനി.<br>ii) <u>കാസർഗോഡ് നിയോജക മണ്ഡലം</u><br>ചെങ്കള ഗ്രാമ പഞ്ചായത്തിലെ കെ.കെ.പുരം പട്ടികജാതി കോളനി<br>iii) <u>കാഞ്ഞങ്ങാട് നിയോജക മണ്ഡലം</u><br>കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്തിലെ ചായ്യോത്ത് ചക്ലിയ കോളനി<br>മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 3,08,445/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) മേൽപദ്ധതി ഉദുമ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിൽ നടപ്പിലാക്കണമെന്നാണ് സ്ഥലം എം.എൽ.എ ആവശ്യപ്പെട്ടിട്ടുള്ളത്; | സി) ഉദുമ നിയോജക മണ്ഡലത്തിൽ മുളിയാർ ഗ്രാമപഞ്ചായത്തിലെ കോപ്പാളകൊച്ചി പട്ടികജാതി കോളനിയിൽ വിജ്ഞാൻവാടി സ്ഥാപിക്കണമെന്ന് സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. |
| (ഡി)പ്രസ്തുത കോളനിയിൽ വിജ്ഞാൻവാടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് നടപ്പിലാക്കുമെന്ന് അറിയിക്കാമോ? | ഡി) പ്രസ്തുത കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.<br>സ്ഥലം ലഭ്യമായിട്ടുള്ള പഞ്ചായ ത്തുകളിൽ കെട്ടിടം പണിത് വിജ്ഞാൻവാടി സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ